# KERALA UNIVERSITY OF FISHERIES & OCEAN STUDIES
## കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല
PANANGAD P.O., KOCHI 682 506, KERALA, INDIA

☎0484- 2703782, 2700598; **Fax**: 91-484-2700337; ***e-mail***: utypanangad@kufos.ac.in***website***: www.kufos.ac.in


നമ്പർ.Acad(1)/3291/21 തീയതി.09.08.2021

**കുഫോസ് പി.ജി. ഓൺലൈൻ അലോട്ട്മെന്റ് 2021 - സംക്ഷിപ്ത നടപടിക്രമം.**

- ആഗസ്റ്റ് 09 ന് (തിങ്കൾ) നടക്കുന്ന ട്രയൽ അലോട്ട്മെന്റ് മുതല് വിദ്യാർത്ഥികൾ തങ്ങളുടെ അലോട്ട്മെൻറ്റ് സംബന്ധിച്ച വിവരങ്ങൾ, സർവ്വകലാശാല വെബ് സൈറ്റ്, (www.kufos.in) പാസ് വേർഡ് മുഖേന ലോഗിൻ ചെയ്ത് കൃത്യമായി പരിശോധിക്കേണ്ടതാണ്.

- സർവ്വകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച എൻട്രൻസ് റാങ്ക് ലിസ്റ്റിന്റെ യും, എം.ബി.എ) (MBA) യ്ക്ക് കെ മാറ്റ് / സി മാറ്റ് / കാറ്റ് സ്കോർ(KMAT/CMAT/CAT) അടിസ്ഥാനത്തിലും, PG അപേക്ഷയിൽ സമർപ്പിച്ചിട്ടുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുമാണ് അലോട്ട്മെന്റ് പ്രക്രിയ.

- ട്രയൽ അലോട്ട്മെന്റ് - സാധ്യത പട്ടിക പരിശോധിച്ച്, പരാതികൾ എന്തെങ്കിലുമുണ്ടെങ്കിൽ, രേഖാമൂലമോ ഇ-മെയിൽ മുഖേനയോ പരാതികൾ ആഗസ്റ്റ് 10 ന് വൈകീട്ട് 4 മണിക്കകം രജിസ്ട്രാറെ അറിയിക്കാവുന്നതാണ്. പിന്നീട് ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

- ആഗസ്റ്റ് 11 ന് ആരംഭിക്കുന്ന **ഒന്നാം ഘട്ട അലോട്ട്മെന്റില്** പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികള് **ആഗസ്റ്റ് 11 മുതൽ ആഗസ്റ്റ് 14ന് വൈകീട്ട് 4 മണി** വരെയുള്ള സമയങ്ങളിൽ ഓൺലൈനായി നിശ്ചിത ഫീസ് **(Rs,5,000/-)** പേയ്മെൻറ് ലിങ്ക് ഉപയോഗിച്ച് അടച്ച് അഡ്മിഷൻ നേടണം.

• തങ്ങൾ അപേക്ഷയിൽ നൽകിയ ഒന്നാം ഓപ്ഷൻ ലഭിക്കുന്ന മുറക്ക് വിദ്യാർത്ഥികൾക്ക് മുഴുവൻ ഫീസും അടച്ച് പ്രവേശനം ഉറപ്പാക്കാം. എന്നാൽ കോവിഡ് 19 മാർഗ്ഗനിർദ്ദേശങ്ങള് പാലിച്ചു കൊണ്ട്, ബന്ധപ്പെട്ട ഫാക്കൽറ്റി ഡീൻ നിശ്ചയിക്കുന്ന തീയതിയിൽ മാത്രമേ യോഗ്യത സർട്ടിഫിക്കറ്റുകൾ, വയസ്സ് , ജാതി സംബന്ധിച്ച രേഖകൾ എന്നിവ പരിശോധിക്കുവാനും മറ്റും ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറിൽ നേരിട്ട് ഹാജരാകാനാവൂ.

• ഓരോ അലോട്ട്മെൻറിലും കൃത്യമായി പങ്കെടുത്ത് നിശ്ചിത അലോട്ട്മെൻറ് ഫീസ് **(Rs,5,000/-)** അടക്കാത്തവരെ , ഹയർ ഓപ്ഷൻ കണക്കിലെടുത്തു കൊണ്ടുള്ള അടുത്ത ഘട്ടം അലോട്ട്മെൻററിന് പരിഗണിക്കുകയില്ല.

• ഒന്നാം ഘട്ട അലോട്ട്മെൻററില് പ്രവേശനത്തിനു ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് ആഗസ്റ്റ് മൂന്നാം വാരത്തിൽ **രണ്ടാം ഘട്ട അലോട്ട്മെൻററ്** ആരംഭിക്കുന്നതാണ്.

• ഓരോ അപേക്ഷകരും ഓൺലൈൻ അപേക്ഷയിൽ ആദ്യം നൽകിയിട്ടുള്ള "ഫസ്റ്റ് ഓപ്ഷൻ" ലഭ്യമാക്കുന്നതിന് മുഴുവൻ അലോട്ട്മെൻറ് പ്രക്രിയയിൽ തുടരേണ്ടതുണ്ട്. യാതൊരു കാരണവശാലും ആദ്യ അപേക്ഷയിൽ നൽകിയിട്ടുള്ള ഓപ്ഷനുകൾ, **ഇടക്കാലത്ത് മാറ്റം വരുത്തുവാൻ കഴിയുകയില്ല**

• ഇക്കൊല്ലത്തെ പി.ജി കോഴ്സിലേക്കുള്ള Special Reservation Seats ഇക്കണോമിക് വീക്കർ സെക്ഷൻ (EWS) /NRI / Sports /Lakshadweep/Ex-service Quota മുതലായ സീറ്റുകളിലേക്ക് പരിഗണിക്കപ്പെടേണ്ട അപേക്ഷകർ, തങ്ങളുടെ ഓൺലൈൻ **അപേക്ഷയുടെ ഡൗൺലോഡ് ചെയ്തെടുത്ത കോപ്പിയോടൊപ്പം** പ്രോസ്പെക്ടസിൽ ആവശ്യപ്പെട്ടിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നേരിട്ട് കത്ത് മുഖേനയോ, ഇ-മെയിൽ മുഖേനയോ **ആഗസ്റ്റ് 18 ന് വൈകീട്ട് 4 മണിക്കകം** സർവ്വകലാശാല ഓഫീസിൽ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

• **അപേക്ഷകർക്ക്** അലോട്ട്മെൻറ്റ് സംബന്ധിച്ച വിവരങ്ങൾ വ്യക്തിപരമായി, കത്ത് മുഖേനയോ, e-mail മുഖേനയോ അറിയിക്കുന്നതല്ല. ആയതിനാൽ സർവ്വകലാശാല വെബ് സൈറ്റിൽ നൽകുന്ന അറിയിപ്പുകൾ ശ്രദ്ധിക്കുകയും പാസ് വേഡ് ഉപയോഗിച്ച് ലോഗിൻ ചെയ്ത് അലോട്ട്മെൻറുകൾ കൃത്യമായി പരിശോധിക്കേണ്ടതുമാണ്.

- ഓരോ ഘട്ടത്തിലും പരാതികളെന്തെങ്കിലുമുണ്ടെങ്കിൽ അത് സർവ്വകലാശാല രജിസ്ട്രാറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

- മൂന്നാം ഘട്ട അലോട്ട്മെൻറിന് ശേഷം സ്പോട്ട് അഡ്മിഷൻ നടത്തേണ്ട സാഹചര്യമുണ്ടായാൽ പി.ജി എൻട്രൻസ് എഴുതിയവർക്കായിരിക്കും മുൻഗണന.

- അപേക്ഷയിൽ നൽകിയ ഒന്നാം ഓപ്ഷൻ ലഭിക്കുന്ന മുറക്ക് താല്ക്കാലിക പ്രവേശനം നേടിയവർ , അതത് ഫാക്കൽറ്റി ഡീൻ നിശ്ചയിക്കുന്ന സമയങ്ങളിൽ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് സർട്ടിഫിക്കറ്റു പരിശോധനയ്ക്കും സെമസ്റ്റർ ഫീസ് മുഴുവനായി അടക്കുവാനുമായി ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറിൽ നേരിട്ട് ഹാജരാകേണ്ടതും അഡ്മിഷൻ പ്രക്രിയ പൂർത്തീകരിക്കേണ്ടതുമാണ്.

- ഈ വർഷത്തെ പി.ജി. അഡ്മിഷൻ പൂർത്തീകരിക്കുന്ന തിയതിക്കു ശേഷം യാതൊരു കാരണവശാലും അടച്ച മുഴുവൻ ഫീസുകൾ തിരികെ നൽകുന്നതല്ല.

For more details, Please visit University Website www.kufos.ac.in

**REGISTRAR i/c**

REGISTRAR
KERALA UNIVERSITY OF
FISHERIES & OCEAN STUDIES
PANANGAD. KOCHI-682 506